(എൽ) ഇല്ല.

(എം) നിലവിലുള്ള ഒഴിവുകൾ എത്രയും വേഗം നികത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നതിനാൽ, പുതിയ കോളേജുകൾ തുടങ്ങുന്നതിന് പ്രശ്നങ്ങൾ ഉണ്ടാവുമെന്ന് കരുതുന്നില്ല.

മൂട്ടട ഐ.എച്ച്.ആർ.ഡി. ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ കെട്ടിട നിർമ്മാണം

137 [1547] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് മൂട്ടടയിൽ ഐ.എച്ച്.ആർ.ഡി. ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കാൻ അനുമതി നൽകിയിട്ടുണ്ടോ;

(ബി) വിദ്യാഭ്യാസ വകുപ്പുമന്ത്രി ഈ കെട്ടിടത്തിന് ശിലാസ്ഥാപനം നടത്തിയത് എന്നാണെന്ന് അറിയിക്കുമോ;

(സി) കെട്ടിട നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ഡി) കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ചുമതല ഏത് ഏജൻസിക്കാണ് നൽകിയതെന്ന് അറിയിക്കാമോ;

(ഇ) പുതിയ കെട്ടിടനിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 3-6-2003-ന്

(സി) കെട്ടിട നിർമ്മാണത്തിന് ടെണ്ടർ ക്ഷണിച്ചു. ഏറ്റവും താഴ്ന്ന ടെണ്ടർ പരിഗണിച്ച് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ട്.

(ഡി) ബി.എസ്.എൻ.എൽ.-നാണ് നൽകിയിരിക്കുന്നത്.

(ഇ) ബി.എസ്.എൻ.എൽ.-ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

കേരളാ സ്റ്റേറ്റ് ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിൽ നിന്നും പിരിച്ചുവിട്ട ജീവനക്കാരെ തിരിച്ചെടുക്കാൻ നടപടി

138 [1548] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിൽ നിന്നും പിരിച്ചുവിടപ്പെട്ട ജീവനക്കാരെ തിരിച്ചെടുക്കുന്നതു സംബന്ധിച്ച് സംഘടനാ നേതാക്കളുമായി 21-10-2002-ൽ നടത്തിയ ഒത്തുതീർപ്പ് വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചെന്നു വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നാളിതുവരെ ഏതെല്ലാം തസ്തികയിൽ എത്ര പേരെ തിരിച്ചെടുത്തു; വിശദമാക്കാമോ;

(സി) ജീവനക്കാരുടെ അപര്യാപ്തതമൂലം പാഠപുസ്തക അച്ചടിയും മറ്റു ജോലികളും കൃത്യസമയത്ത് പൂർത്തിയാക്കാൻ കഴിയുന്നില്ല എന്നത് പരിഗണിച്ച് പിരിച്ചുവിട്ട ജീവനക്കാരെ ഉടൻ തിരിച്ചെടുക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഓഡിയോ വിഷ്വൽ റിപ്രോഗ്രാഫിക് സെന്ററിന് ഗവൺമെന്റ് നൽകിയ ടെക്സ്റ്റ്ബുക്ക് അച്ചടി ഉൾപ്പെടെയുള്ള പ്രിന്റിംഗ് ജോലികൾ ജീവനക്കാരുടെ കുറവുമൂലം സബ്കോൺട്രാക്റ്റായി സ്വകാര്യ പ്രസ്സുകൾക്ക് നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ ആന്റ് ബി) പിരിച്ചുവിട്ട അധികമുള്ള ജീവനക്കാരെ തിരിച്ചെടുക്കുന്നതിനുള്ള സാഹചര്യം സംജാതമായിട്ടില്ല.

(സി) നിലവിൽ ജീവനക്കാരുടെ അപര്യാപ്തത ഇല്ല.

(ഡി) സ്ഥാപനത്തിൽ നിലവിലുള്ള സാങ്കേതിക സൗകര്യങ്ങളുടെ അപര്യാപ്തതമൂലമാണ് പാഠപുസ്തക അച്ചടി സബ്കോൺട്രാക്ട് കൊടുക്കേണ്ടി വന്നത്.

പട്ടാമ്പിയിൽ ഓഡിയോ വിഷ്വൽ റിപ്രോഗ്രാഫിക് സെന്ററിന്റെ സബ്സെന്റർ ആരംഭിക്കാൻ നടപടി

139 [1549] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടാമ്പിയിൽ ഓഡിയോ വിഷ്വൽ റിപ്രോഗ്രാഫിക് സെന്ററിന്റെ ഒരു സബ്സെന്റർ ആരംഭിക്കുന്നതിന് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നത്തേക്ക് സെന്റർ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

നിവേദനം ലഭിച്ചിട്ടുണ്ട്; തൽക്കാലം പുതിയ സബ്സെന്ററുകൾ തുടങ്ങാൻ കഴിയുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly